**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2175** | **12-02-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 310/ജി.സി.ഡബ്ല്യൂ/2021 നമ്പറായി നൽകിയ കത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യം സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **310/ജി.സി.ഡബ്ല്യൂ/2021 നമ്പറായി നൽകിയ കത്തിൽ ആവശ്യപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് അടക്കം പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിരുന്നു. ട്രാഫിക് മാനേജ്മെന്റിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത വിലയിരുത്തി മാത്രമേ പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതിന് സാധിക്കുകയുള്ളൂ.** |
| (ബി) | ശബരിമല തീർത്ഥാടനകാലത്തെ 90 ശതമാനത്തോളം വാഹനങ്ങളും കടന്ന് പോകുന്ന സ്ഥലമെന്നത് പരിഗണിച്ച് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ